## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.850** 06.06.2018 -ലെ മറുപടിക്ക്

## നിലമ്പൂർ മണ്ഡലത്തിലെ അംബേദ്കർ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.വി. അൻവർ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | നിലമ്പൂർ മണ്ഡലത്തിലെ അമരമ്പലം പഞ്ചായത്തിലെ ഇല്ലിക്കോട്ട് പോയിൽ എസ്.സി കോളനിയെ അംബേദ്കർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (എ) | ഉണ്ട്. ഇല്ലിക്കോട്ട് പോയിൽ പട്ടികജാതി കോളനിയിലെ പദ്ധതി നിർവ്വഹണം ആദ്യം ജില്ലാ നിർമ്മിതി കേന്ദ്രത്തെയാണ് ഏൽപ്പിച്ചിരുന്നത്. എം.എൽ.എയുടെ ശുപാർശ പ്രകാരം പദ്ധതി നിർവ്വഹണം FIT എന്ന ഏജൻസി മുഖേനയാക്കിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഈ കോളനിയിൽ പദ്ധതി പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) | നിർവ്വഹണ ഏജൻസി പ്രൈസ് സോഫ്റ്റ് വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതനുസരിച്ച് മാത്രമേ തുടർനടപടികൾ സ്വീകരിക്കാനാകുകയുള്ളൂ. |
| (സി) | ഇല്ലിക്കോട് പോയിൽ കോളനിയിലെ വികസന പ്രവർത്തികളുടെ കരാർ ഏറ്റെടുത്തത് ഏത് ഏജൻസിയാണ്; എന്നാണ് കരാർ ഏൽപ്പിച്ചത്; വ്യക്തമാക്കുമോ; | (സി) | FIT എന്ന ഏജൻസി 15.01.2018 നാണ് കരാർ ഏറ്റെടുത്തിട്ടുള്ളത്. |
| (ഡി) | പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ഡി) | നിർവ്വഹണ ഏജൻസി എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ